
# THE UPDATER



## HOLY FAMILY H S S KATTIPPARA

Unit No:LK/2018/47071 Holy Family HSS Kattippara,Thamarassery
Ph.0495 2270581 Email:hfhskattippara@gmail.com



# സന്ദേശം

**വാ**യന അത് ഏതവസ്ഥയിലും ഏതു പ്രായത്തിലും അനുഭൂതി ദായകമാണ്. വിജ്ഞാന കുതുകികളായി വളർന്നു വരുന്ന തലമുറയ്ക്ക് അത്യന്താപേക്ഷിതവുമാണ് വായന. മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ മറ്റെല്ലാം മറന്ന് ആർത്തിയോടെ വായിച്ച തലമുറയിൽ നിന്ന് ഇലക്ട്രിക് വെളിച്ചത്തിൽ ഫാനിന്റെ ചുവട്ടിൽ ചാരിയിരുന്ന് വായിച്ച തലമുറയിലേക്കുള്ള വളർച്ച – അത് കാലചക്രത്തിന്റെ അനിവാര്യമായ ചംക്രമണത്തിൽ ഇ-വായനയിലേക്ക് കുതിച്ചെത്തിയിരിക്കുന്നു. വളരെ വേഗമേറിയ ഈ കാലത്ത് പണ്ടത്തേതുപോലെ ഒരു സ്ഥലത്ത് ഇരുന്ന് വായനയ്ക്കായി സമയം കണ്ടെത്തി വായിക്കാൻ കഴിയില്ല. പക്ഷേ വായന വേണം താനും. അതാണ് ഇ-വായനയുടെ കാരണം. ഹൈസ്കൂൾ ക്ലാസ്സിലെത്തിയ കുട്ടി ഗൗരവ വായനയിലേക്ക് പ്രവേശിക്കേണ്ട ഘട്ടമായി. വായന സാങ്കേതികതയിലും നാം ഏറെ മുന്നേറിക്കഴിഞ്ഞു. ഇ-വായനയുടെ വിവിധ തലങ്ങൾ നാം പരിചയപ്പെട്ടു കഴിഞ്ഞു. വായനാശീലമുള്ളവരായി കുട്ടികളെ നേരത്തെ തന്നെ ഒരുക്കിയെടുക്കാൻ കഴിഞ്ഞാൽ വലിയ അത്ഭുതങ്ങൾ തന്നെ സൃഷ്ടിക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. സാങ്കേതിക മികവിൽ ബഹുദൂരം മുന്നിലെത്തിയ സമൂഹത്തിൽ നമ്മുടെ വിദ്യാലയവും ഒപ്പമുണ്ടെന്ന് രേഖപ്പെടുത്തിക്കൊണ്ട് ഹോളി ഫാമിലി ഹൈസ്കൂൾ കട്ടിപ്പാറയിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഒരുക്കുന്ന ഇ-മാഗസിനായ **'ദി അപ്ഡേറ്റർ'** ന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന നൗഷാദ് സാറിനും മേരി ടീച്ചർക്കും എന്റെ ലിറ്റിൽ കൈറ്റ്സിനും എല്ലാ അഭിനന്ദനങ്ങളും.

അബ്രാഹം എം എ

ഹെഡ്മാസ്റ്റർ

ഹോളിഫാമിലി ഹൈസ്കൂൾ കട്ടിപ്പാറ



# ആശംസ

വിവരവിനിമയ സാങ്കേതിക വിദ്യയുടെ ചിറകിലേറി ലോകം കൈക്കുമ്പിളിലാക്കാൻ കുതിക്കുന്ന പുതു തലമുറയ്ക്ക് കൈത്താങ്ങായി പ്രവർത്തിക്കുന്ന ലിറ്റിൽകൈറ്റ്സിലെ കുട്ടികൾ തയ്യാറാക്കിയ ഇ-മാഗസിൻ '**ദി അപ്ഡേറ്റർ**'ന് എല്ലാ ഭാവുകങ്ങളും നേരുന്നു. നേരും നന്മയും കൈമോശം വരാതെ വളരാൻ, അറിവിന്റെ സർഗ്ഗാത്മകതയുടെ പാതയിൽ വഴിവിളക്കാകാൻ ഈ സംരംഭത്തിന് കഴിയട്ടെ എന്നാശംസിക്കുന്നു.

ബെസ്സി കെ യു,
SITC
ഹോളിഫാമിലി ഹൈസ്കൂൾ കട്ടിപ്പാറ



# ആമുഖം

ലോകം വിരൽത്തുമ്പിൽ ഒതുക്കപ്പെട്ടിരിക്കുന്നകാലം. നിഖിലമേഖലകളും മത്സരപ്പാച്ചിലിൽ. അത്ഭുത പൂർവ്വമായ സാങ്കേതികവിദ്യാമുന്നേറ്റത്തിന് മുമ്പിൽ നാം പരാജിതരാവുകയോ അറച്ചുനിൽക്കുകയോ ചെയ്യരുത്. 'ന്യൂജെൻ' കുട്ടികൾ ഏറെ കഴിവുകളും ദീർഘ വീക്ഷണമുള്ളവരുമാണ്. ഗുണങ്ങളും ദോഷങ്ങളും ഉള്ള ആധുനിക സാങ്കേതിക വിദ്യയും സോഷ്യൽ മീഡിയയും ഉപയോഗിക്കുമ്പോൾ ഏറെ ജാഗ്രത പുലർത്തേണ്ടതുണ്ട് എന്നത് പ്രധാനമാണ്. ഇന്ന് വൈജ്ഞാനിക കൈമാറ്റം നടക്കുന്നത് ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയാണ്. ഹോളിഫാമിലി ഹൈസ്കൂളിലെ ലിറ്റിൽകൈറ്റ്സ് കുട്ടികൾ തയ്യാറാക്കുന്ന '**ദി അപ്ഡേറ്റർ**'നു ലക്ഷ്യ സാക്ഷാത്കാരത്തിനുള്ള ദൈവാനുഗ്രഹമുണ്ടാകട്ടെ, സർവ്വവിധ ആശംസകളും.

നൗഷാദ് വി കെ
ലിറ്റിൽകൈറ്റ്സ് മാസ്റ്റർ

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : നൗഷാദ് വി കെ

സബ് എഡിറ്റർ : മേരി അബ്രാഹം

കവർ പേജ് : അഭിനന്ദ് ഇ എസ്

ലേ ഔട്ട് : മുഹമ്മദ് അനസ് എ കെ
നാദിയ നസ്റിൻ

കടപ്പാട് : ബെസ്സി ടീച്ചർ
ഷീജ ടീച്ചർ
ഐശ്വര്യ ബാബു

എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നന്ദി



## ഉള്ളടക്കം

ആശ്വാസ നായിക.......7
ഒരു നാലു മണിപ്പൂവിൻെറ ഓർമ്മയ്ക്ക്.......9
പുതുമണ്ണ്.......11
സാഫല്യം.......13
അപൂർണാനുഭവം.......14
മനുഷ്യനും പ്രകൃതി ദുരന്തങ്ങളും.......17
My Wish to Live in Village.......19
കടലിന്റെ അഗാധതയിലേക്ക്.......20
How I wish I were There !.......24
വാർമതിതൻ മന്ദഹാസമോ നീ...?.......25
تِمْثَالٌ يَحْكِي.......27
അറബിക് കാലിഗ്രാഫി.......29
2018 അവശേഷിപ്പിച്ചത്.......30
طوطا.......31

കവിത




ശരണ്യ രാജ്
10 E

# ആശ്വാസ നായിക

ഹ! തന്ത്രിമീട്ടീ നിൽക്കും പാൽനിലാവി-
നിന്ന ആമോദമേറുന്ന പൊൻചന്തം
നീങ്ങുന്ന രാവിൽ ഞാൻ, എൻ നീറു-
ന്ന ദുഃഖങ്ങൾ മറന്നപോയീടാനായ്
ശ്രമിപ്പതിൻ നിക്കുമ്പോൾ
തെല്ലൊരാശ്വാസമായ് എന്നിലേക്ക് ചെയ്-
തിറങ്ങും എൻ ലാവണ്യമാം പൂനിലാവ്.
ഏതൊരു ദുഃഖത്തിൽ നിശാന്ധതയിലും
എന്നെ എന്നിലേക്കടുപ്പിക്കും വെൺനിലാവ്
ഏകാന്തക്കടിസ്ഥാനം പൂനിലാവ്
രാവതുനീങ്ങീടുമ്പോൾ മുറ്റന്ന ദു:-
ഖത്തിൽ ചുറ്റും ഞാൻ തിരഞ്ഞിടുമ്പോൾ
കീട്ടിലൊരശ്വാസമെന്നതു പാഴ്വാക്കതായ് മാറീടുമ്പൾ
ആമ്പൽപ്പൂ വിരിയാനൊരുങ്ങി നിൽക്കുമ്പോൾ
എനിക്കിന്നൊരു ആശ്വാസമായ് മാറിടുന്നത് പൂനിലാവ്.
പാതിരാവിൽ ഞാൻ ഇമ്പമാർന്നുറങ്ങു-
മ്പോൾ തഴുകി തലോടാൻ എന്നി-
ലെക്കിറങ്ങും ആ പൊൻനിലാവെ,
എൻ വേദനകളെ നീ നിന്നോടു ചേർ-
ത്തിടുമെന്ന ഞാനറിഞ്ഞിടട്ടെ,
ഞാനതിൽ വിശ്വാസമതിന്ന് ഏകീടട്ടെ.
മനോവേദനകളെ മാറോടുചേർത്തി-
ടുമ്പോൾ മനസാക്ഷിയെ മാന-

ദണ്ഡമാക്കിയതു മാറ്റിടുമ്പോൾ പാ-
തിരപൂനിലാവിനതിലുള്ള സ്ഥാനമ-
തു പറഞ്ഞറിയിക്കേണ്ടതില്ലല്ലോ.
പരമപവിത്രമതമതു ഭാരതാഭയെ-
പൂജിച്ചിടുമ്പോൾ പുണ്യവാഹിനി-
സേവനമരുളി പൂനിലാവതുണ്ടല്ലോ
ഇലയും ഇതളും പൂവും മൊട്ടും
ഇറുത്തെടുത്താൽ പിച്ചിടാം തല-
കുമ്പിട്ടുതരും പൂങ്കാവനം തയച്ചു വളരുന്നുണ്ടതിവിടെ....!
ഇലയ്ക്കും ഇതളിനും മൊട്ടിനും വരെയതു-
ഊർഭരിതയാക്കിമാറ്റിടുവാൻ പൂനി-
ലാവതു വഹിക്കുന്ന സ്ഥാനമതു ഞാൻ
പറഞ്ഞറിയിക്കേണ്ടതില്ലല്ലോ.
ജീവിതദു:ഖത്തിൽ ഏകാന്തത താ-
ശരീരവും ഉരുകുന്ന അമ്മമനസ്സുമാ-
യി തേങ്ങീടുമ്പോൾ അമൃതമായ്
ആശ്വാസമേകി തരുന്നത് പൂനിലാ-
വാണെന്നതു ഓർക്കണ്ടതുതന്നെ.
നിരന്തരം ജീവനില്ലാത്ത ശവകുടീരമായ-
തു മാറുമ്പോൾ കൊലയാളിയാം
മനുജരെ പെറ്റ ഭൂമിയാം അമ്മയ്ക്കു-
വരെയിന്നു ആശ്വാസ സ്പർശമേ-
കിടുന്നത് മാനത്തെ പൂനിലാവ് തന്നെ.
രാത്രിക്കഴക് പൊൻപൂനിലാവ്
രാമൈനക്കഴക് പൊൻ പൂനിലാവ്
ജീവിതത്തിൽ ഏകാന്തവചസുക-
ളെ നിങ്ങളിന്നറിയുക, അല്ല നമ്മ-
ളിന്നറിയുക എന്തിനും ഏതി-
നും പൊൻ വെണ്മയേകുന്നത്
നിത്യ ജീവിതത്തിൽ രാനിലാവ്.



അനുഭവം

ആൻസി മാത്യു
അധ്യാപിക (N.Sci)

## ഒരു നാല്മ മണിപ്പൂവിൻെറ ഓർമ്മയ്ക്ക്

2018 ജൂൺ 1 ന് 10 E ക്ലാസ്സിന്റെ ചാർജ്ജ് ഏറ്റെടുത്ത് ക്ലാസ്സിലേക്ക് കയറുമ്പോൾ മനസ്സിൽ അൽപ്പം ബുദ്ധിമുട്ട് തോന്നാതിരുന്നില്ല.ഈ വർഷം പിരിയേണ്ടതാണ്. എനിക്ക് ഈ ചുമതല ഭംഗിയായി നിർവഹിക്കാൻ പറ്റുമോയെന്ന് ഒരു ആശങ്ക! കാരണം മറ്റൊന്നുമല്ല , ആരോഗ്യപ്രശ്നങ്ങൾ തന്നെ! എങ്കിലും ക്ലാസ് എനിക്ക് ഇഷ്ടമായി. നല്ല കുട്ടികൾ , 'ഞാൻ ലീഡറായിക്കോട്ടെ' എന്ന ചോദ്യവുമായി മുൻപിൽ 'ഫിനു'- ഫാത്തിമ ഫിനു. പഠനത്തിലൽപം പിന്നാക്കമാണെങ്കിലും പാഠ്യേതരവിഷയങ്ങളിൽ മിടുക്കി. ക്ലാസ്സിലെ എല്ലാ കാര്യങ്ങളും ചിട്ടയോടെ നോക്കി കണ്ടു ചെയ്യും. ഇടയ്ക്കിടയ്ക്ക് സംശയം നീളുന്ന ചോദ്യങ്ങൾ! എല്ലാ കാര്യങ്ങളും പൂർണ്ണതയിൽ ചെയ്യണമെന്ന പിടിവാശിയുള്ള ഒരു കുട്ടി. ദിവസങ്ങൾ കഴിയുന്തോറും എനിക്കവൾ സ്നേഹമായി. മറ്റു കുട്ടികളോടെല്ലാം അവൾക്ക് സ്നേഹമായിരുന്നു. 2018 നവംബർ 17 , ശനിയാഴ്ച ഒരു ഹർത്താൽ ദിനം !വാഹനസൗകര്യമില്ലാതിരുന്നതിനാൽ ഞാൻ അന്ന് സ്കൂളിൽ പോയിരുന്നില്ല. അന്ന് ഉച്ചയോടുകൂടി ഫിനുവിന്റെ മരണവാർത്തയാണ് ഞാൻ അറിയുന്നത്. സ്കൂളിനേയും അധ്യാപകരെയും സഹപാഠികളെയും കൂട്ടുകാരെയും ഏറെ സ്നേഹിച്ച കുഞ്ഞ് ! എന്തിന് ഞങ്ങളെ വിട്ടുപിരിഞ്ഞ് മരണത്തെ പുൽകിയെന്ന് ഇപ്പോഴും അറിയില്ല . എന്റെ ജീവിതനാൾ വഴിയിൽ ഹൃദയത്തിൽ ഒരു നീറുന്ന നോവ് അവശേഷിപ്പിച്ച് ആ കുട്ടി കടന്നു പോയി. 2018 നവംബറിന്റെ തീരാനഷ്ടം ! വിടരുംമുമ്പേ കൊഴിഞ്ഞുപോയ ആ നാലുമണി പൂവിന്റെ ഓർമ്മയ്ക്കു മുൻപിൽ നമിച്ചു കൊണ്ട്

# HITECH INAGURATION





കവിത



അനീഷ റൂബി
10 D

# <u>പുതുമണ്ണ്</u>

വിറയ്ക്കും ചെറുശിഖരങ്ങളിൽ നിന്നിറ്റുവീഴും
കണ്ണീർകണങ്ങളുതിർന്നിടും
നനത്ത പൊടിമണ്ണ് മൂടിപ്പുതച്ച പുതുമണ്ണിൽ
നറുമണം തേടിപ്പറക്കുന്ന കാറ്റിന്ന്

മന്ത്രമായ് മഴയോട് മൊഴിയുവാനെന്തോ....!
വിറയാർന്ന നേൽച്ചുണ്ട് കൂട്ടിയനക്കി

പറയുവാൻ വെമ്പീ...പതുക്കെ പതുക്കെ

"വർഷപ്പിറവിയേ...നീ വേഗമാക്കൂ"....
ഇവിടം ചുട്ടു തീക്കനൽ പൊള്ളിയെൻ
ചെറു പാവകൾ പോലും ഉരിഞ്ഞുതീർന്നു

വർഷപിറവിയെ കാത്തെന്റെ , മണ്ണിലെ
വേരുകൾ താനെയുറങ്ങി ചുരുണ്ടുപോയി

വെള്ളിലകളെ കണ്ണീരായ്പ്പൊഴിച്ച്, വരണ്ട്

ചെറുക്കമ്പുകളായ് മാറിയ, വൃക്ഷങ്ങൾ പറയുന്നതെന്തോ!

"മുകിലേ... നിൻ കണ്ണീർ പൊഴിച്ചിട്ടു ദ്രുതം"
ശിശിരകണങ്ങളെ പുൽകാൻ കൊതിക്കുന്ന

മണ്ണിലായ് , ചാഞ്ഞു മടങ്ങി കിടക്കുന്ന

പുൽക്കൊടി തേങ്ങുന്നതെന്തോ...!

"വർഷക്കാറ്റേ നിൻ കൈകൾ വീശൂ...
മണഅണിന്റെ മക്കളാം പാവങ്ങൾ

വരണ്ട കണ്ഠങ്ങൾ ഒരുമിച്ചുയർത്തി
ഒരു സ്വരമായ്... വെറുമൊരു വിലാപമായ്
മാനത്തോട് വിതുമ്പതെന്തോ...!
“സൂര്യനാളം കെടുത്തിയെങ്കിലുമെനിക്കിറ്റു വെള്ളം
മഴയായ് പൊഴിച്ചു തരൂ...”
“ഞാൻ ഇപ്പോഴെൻ അമ്മയാം ഭൂമിയിൽ
ചേർന്നിടുന്നു" എന്നുറക്കെ പറഞ്ഞിട്ടും
പരൽ മീനുകൾ പിന്നെന്തേ പിടഞ്ഞിടുന്നു.
കേട്ടീടുന്നു... മഴ മൂളീടുന്ന പതിയെ...
പണ്ടെന്നോ മറഞ്ഞ, അനുഭവസ്മൃതികൾക്കു-
മീതെ ഒരനുഭൂതി കെട്ടിപടുത്തിടുന്നു...
മണ്ണിന്റെ വാസന എൻ മുന്നിലിപ്പോൾ....



കവിത
സിന്ധു മാത്യു

അധ്യാപിക (W.E)

# <u>സാഫല്യം</u>

ആരായിത്തീരാനാണാഗ്രഹമെ-
ന്നാഗുരുവിൻ ചോദ്യം മുഴങ്ങവേ....
ഡോക്ടറാവേണമെഞ്ചിനീയറാകണ-
മെനിക്കെയറിന്ത്യാപൈലറ്റാകണ-
മെത്രയോചക്രങ്ങളുരുട്ടിയോടിടും.
തീവണ്ടിയോട്ടണഡ്രൈവറാകേണ-
മെന്നോരോരുത്തരുമുര ചെയ്തീടവേ....
ടീച്ചറാകേണമെന്നൊരു ശിഷ്യയും.
ജോലികൾ പലതും പരിശ്രമിക്കുമൊ-
രു ജോലിയാണെനിക്കിഷ്ടമെന്നോതി.
കാലങ്ങളേറെക്കഴിഞ്ഞു ക്ലാസും
പഠിത്തവുമൊക്കെയകന്നുപോയ്
കൂട്ടുകാരെല്ലാരുമോരോ കരയിലായ്
കണ്ടാലുമില്ലാർക്കുമൊന്നിനും നേരവും
പായുന്നു പലരുമെന്നോതിരഞ്ഞിടുന്നു.
കൂട്ടുകാരിപ്പോളെനിക്കൊട്ടേറെ കുട്ടികൾ
കൂട്ടമായ് സ്നേഹം പകർന്നിടും മക്കളായ്
ചുവരുകൾക്കപ്പുറം ചിത്രങ്ങൾ തീർക്കുമ്പോൾ
ജീവിതം ധന്യമാക്കുന്നുവെൻ കുട്ടികൾ
ജീവിതവീഥിയിലിത്തിരി വെട്ടമായ്
ത്തീർന്നാലെൻ ജന്മം ധന്യമായി



കഥ

അനീഷ റൂബി
10 D

# അപൂർണാനുഭവം

തുടരെത്തുടരെയുള്ള വെമ്പൽ കൊണ്ട സംസാരത്തിനു ശേഷം ആ വാക്കുകൾ എവിടയോ മുറിഞ്ഞു പോയിട്ടുണ്ടായിരുന്നു.എന്നും മനസ്സിലെ പിളർപ്പായി അതെവിടയോ അവശേഷിക്കുന്നു. 'ഒന്നു കാണണം , എന്തെങ്കിലുമൊക്കെ.... അയാളുടെ തീരുമാനങ്ങളും ചിന്തകളും അങ്ങു വ്യാപിച്ചു കിടക്കുന്നുണ്ട്. ഇപ്പോൾ എവിടെ നിന്നാണ് അടിസ്ഥാന രഹിതമായ ഈ ചോദ്യം കുത്തിപ്പൊങ്ങിയത് ?? പഴയ പൊടി പിടിച്ച തുകൽ സഞ്ചിയിൽ നിന്നും 'രണ്ടായിരത്തിയേഴ് ' എന്ന് അവിസ്മരണീയമായ വർഷത്തിന്റെ ഓർമക്കുറിപ്പുകൾ, ഒരു കണക്കിൽ പറഞ്ഞാൽ ആ ഡയറിക്കുറിപ്പുകളിലെ ഒക്ടോബർ മാസത്തിന്റെ ഇരുപത്തിയൊന്നാം അധ്യായം ; എന്തെല്ലാം ഓർമകളാണ് ആ കുറിപ്പു സമ്മാനിക്കുന്നത്. സ്വപ്നങ്ങളും സന്തോഷങ്ങളും എല്ലാം തച്ചുടച്ച ആ കലാലയ വേദിയിലെ ഒരു ദിനം ..... അയാൾ ഓർക്കുന്നു...... കോളേജിലെ പാട്ടും ആരവവും ആട്ടവുമെല്ലാം..... അതിനിടയിൽ തന്നെ മാത്രം കേന്ദ്രീകരിച്ചു നോട്ടമിട്ടു, ആ രണ്ടു നയനങ്ങളും വേദിയിലെ തന്റെ വയലിൻ വായനയിലും തന്റെ സമീപത്തേക്കും നോട്ടമെറിഞ്ഞിരുന്നു. വാതോരാതെ പാടിയിരുന്ന ആ വയലിനും പെട്ടന്ന ശ്രദ്ധ തിരിച്ചു. എന്തോ ആ കണ്ണുകൾ പറയാൻ ശ്രമിക്കുന്നു. ഒരുപക്ഷെ വല്ല പ്രേമാഭ്യർത്ഥനയുമാണെങ്കിൽ....താൻ അതിനെയെല്ലാം അതിജീവിച്ചേ പറ്റൂ...... അമ്മയ്ക്കു നൽകിയ വാക്ക് ..... ആ വാഗ്ധാനം പാലിച്ചേ തീരൂ...... അയാൾ വയലിൻ വായനയ്ക്കിടയിൽ മറ്റൊരു ലോകത്തേക്കു തന്നെ തെന്നി മാറി. അതിനിടയിൽ, ആ വയലിൻ ഗീതം സത്യത്തിൽ ചിന്തകൾക്കുള്ള ഒരു ഗീതമായ് മാറിയിരുന്നു. 'വയലിൻ വായന.... ഫസ്റ്റ് പ്രൈസ് സജൽ മാത്യു..... 'ആ പ്രഖ്യാപനം തന്നേക്കാൾ ഏറെ ആസ്വദിച്ചത് ആ മിഴികളുടെ ഉടമയായിരുന്നു. അവൾ ആ അജ്ഞാതെ അതു പാടി നടന്നു.... “ഒന്നാം സ്ഥാനം സജലിന് .... ഹാ.... ഈ ഒന്നാം വർഷക്കാരി എന്തേ തന്നെ ബഹുമാനിക്കാത്തത്, താൻ മൂന്നാം വർഷക്കാരനായാണല്ലോ ഇവിടെ പഠിക്കുന്നത് ...... ഒന്നു

പരിചയപ്പെട്ടേക്കാം.....സജലിന്റെ മനസ്സ് വെമ്പുന്നുണ്ടെങ്കിലും , അമ്മയുടെ അന്തിമവാക്കുകളെ താനെങ്ങനെ അവഗണിക്കും, അക്ഷന്തവ്യമായ അപരാധമാണ്.തീക്കനൽ ബീച്ചിലെ സായാഹ്നം. കൂട്ടുകാരുമൊത്തു ആ നല്ല ദിവസത്തിന്റെ
ആഘോഷാനുഭവങ്ങൾ പങ്കിടുകയാണ്. മണൽ തരികളിൽ ' സജൽ ' എന്ന മൂന്നക്ഷരത്തോട് ചേർത്ത് ' സാക്ഷി' എന്നെഴുതിക്കൊണ്ട്, ആ കൃഷഗാത്രമായ , വെളുത്ത കൈകൾ അതാ തൊട്ടടുത്ത്. ആരെയോ തേടിയലയുന്ന കടൽതിരമാലകൾ അസൂയയെന്നപോലെ ആ ലിഖിതത്തെ തന്റെ ദേഹത്താൽ മായ്ക്കുന്നുണ്ടെങ്കിലും, അവൾ തുടരെത്തുടരെ അതെഴുതിക്കൊണ്ടിരിക്കുകയാണ്. കൂട്ടുകാരോടൊന്നു സൂചിപ്പിച്ചാലോ.... ഈ കാര്യം ..... ആരാണിവർ. എന്തിനും തുനിയുന്ന ആ നല്ല കൂട്ടുകാരോടു പറയാൻ അവനു കഴിഞ്ഞില്ല.

ദിവസങ്ങളും മാസങ്ങളും അതിലുപരി ഒരു വർഷവും ആ നോട്ടത്തെ അതിജീവിച്ച മുന്നേറിയെങ്കിലും .... ഒരു നോക്കു കാണാനോ മിണ്ടാനോ ശ്രമിക്കാതെ അവിടെ ,തന്നിൽ ഒരു ഉദാരമായ പ്രേമം എന്നു തോന്നുന്ന ഒരു വികാരം താനറിയാതെ അണ പൊട്ടിയിരുന്നു. 'സാക്ഷി ' എന്ന രണ്ടക്ഷരം അവിടെ കേൾക്കുന്നുവോ അവിടെ സജലിന്റെ സാന്നിദ്ധ്യവുമുണ്ടായിരുന്നു. ഒന്നും കൈവിട്ടു പോകാതിരിക്കാൻ ഇടയ്ക്ക് അമ്മയുടെ വചനങ്ങൾ എടുത്തു നോക്കും ... "മകനെ, നീ ജീവിതം എന്തെന്നു പഠിക്കണം, എവിടെയും മുന്നേറണം, അമ്മയെപ്പോലെ ഒരു വന്യമായ നോട്ടം സ്നേഹസമൃദ്ധിയിലാഴ്ത്തപ്പെട്ടതെന്നു കരുതി എല്ലാം ഉപേക്ഷിച്ച് നാശത്തിലേക്ക് ആഴ്ന്നു പോവരുത് ". അവ വായിച്ചാൽ മടുക്കില്ല. വായിച്ച തീരുമ്പോഴേക്കും ആ കണ്ണുകളിൽ നിന്നും വറ്റാത്ത സ്നേഹത്തിന്റെ നീരുറവ ആ താളിനെ നനച്ചിട്ടുണ്ടാവും. എന്റെ അമ്മയ്ക്ക് എന്താണ് സംഭവിച്ചത് ? എവിടെയാണ് അമ്മയ്ക്ക് തെറ്റിയത് , ഇല്ലെങ്കിൽ അമ്മയെങ്ങനെ അനുഭവസാക്ഷിയായ് തന്നെ ഉപദേശിക്കുന്നു. അമ്മ ഇനിയും എന്തെല്ലാം പറയാൻ ശ്രമിച്ചിരുന്നല്ലോ.. പക്ഷെ ഈ താളിൽ അവ എങ്ങനെ ഉൾക്കൊള്ളും ? സാക്ഷിയുടെ സാന്നിദ്ധ്യം നഷ്ടപ്പെടാൻ ഒരുങ്ങുന്നു. മൂന്നാം വർഷം കഴിഞ്ഞാൽ താൻ ബിരുദം നേടി ഇവിടം ഉപേക്ഷിക്കാൻ നിർബന്ധിതനാണ്. എന്നാൽ ഇതുവരെ അവളോടൊന്നു സംസാരിക്കാൻ..... കലാലയ ജീവിതത്തിലെ ആ മൂന്നാം വർഷം, അതിന്റെ അവസാന നാൾ. എവിടെനിന്നും ദു:ഖങ്ങളുടെയും, ഞെട്ടലുകളുടെയും, വാർത്തകളും പരിഭ്രമവും വിഭ്രാന്തിയോടെ അങ്ങുമിങ്ങും തേടിയലയുകയാണ് സഹപാഠികൾ.ആരോടും ഒന്നും ചോദിക്കാൻ നേരമില്ല. ഇന്നെങ്കിലും അവളോടൊന്ന് സംസാരിക്കണം. എല്ലാ ക്ലാസ്സുറകളുടെയും മുമ്പിൽ ഒരു പെൺകുട്ടിയുടെ ചിത്രവും... അതിലെന്തോ കുറിച്ചിട്ടുമുണ്ട്. ഒന്നും അറിയാൻ നേരമില്ല..... ഒന്നു കണ്ടാൽ മതി. കോളേജ് അല്പസമയത്തിനുള്ളിൽ, അടങ്ങാൻ തുടങ്ങി. സഹപാഠികൾ എങ്ങോ പോവുന്നുണ്ടല്ലോ.....വിശാലമായ വരാന്തയിൽ ഒറ്റപ്പെട്ട അവളെ തിരയുന്ന സജൽ.... തന്നെ

ലക്ഷമാക്കി വരുന്ന ഒരു പെൺക്കുട്ടി. അവളെയും ഒന്നു നോക്കാൻ തുനിയാതെ പോവാനായില്ല , അവൾ ഒരു ഡയറി തനിക്കുനേരെ നീട്ടി... ഒന്നും മിണ്ടാതെ അതു വാങ്ങി എല്ലാം അറിയുമ്പോലെ താളുകൾ മറിച്ചു.ആ വാതയനത്തിലെ ചിത്രം ഒന്നു തലയുയർത്തി നോക്കിയപ്പോൾ 'ആദരാഞ്ജലികൾ.' എന്ന അടിക്കുറിപ്പോടെ അവൾ അതാ ചിരിച്ചു നിൽക്കുന്നു.ആ താളുകളിൽകണ്ണോടിക്കാനാവാതെ,അതുതനിക്കായ്അവൾ സമർപ്പിച്ചതാണെന്നറിഞ്ഞ അവൻ തേങ്ങാൻ തുടങ്ങി. വടിവൊത്ത അക്ഷരങ്ങൾ നനഞ്ഞു കുതിർക്കാൻ അവന്റെ നയനങ്ങൾക്കായില്ല.ഒന്നു മിണ്ടിയിട്ടുപോരായിരുന്നോ? അവൻ ആരോടോ.. എന്ന പോലെ ചോദിച്ചു. പിറകിൽ ആരുടെയോ കാൽവെപ്പുകൾ .....

"പ്രിയപ്പെട്ട സജൽ... ഞാൻ എന്തോ കാണുന്നുണ്ട്.. ഞാൻ നമ്മുടെ അമ്മയുടെ..... ഓമനപുത്രിയാണ്....അറിയുമോ ഏട്ടാ എന്നെ... എന്റെ പ്രവർത്തനങ്ങളിൽ പലതും ഏട്ടനെ വേദനിപ്പിച്ചിട്ടുണ്ടാവാം...." അതു മുഴുവനാക്കാൻ നിൽക്കാതെ ആ കണ്ണുകളിൽ നിന്നും അണപൊട്ടിയൊഴുകിയ കണ്ണുനീർ , താങ്ങാതെ അവന്റെ കരങ്ങളും തളർന്നിരുന്നു... അമ്മടെ ഒരു പ്രാവിനെയെന്നപോലെ കുത്തി നോവിച്ച ആ നരഭോജി, തന്റെ അച്ഛനാവുന്ന അയാൾ ഇന്ന് എന്റെ സാക്ഷിയേയും... എന്തോ... അവന്റെ മനസ്സും ശരീരവും ഏറെ അവിശ്വസനീയമായ എന്തിനോ സാക്ഷ്യം വഹിച്ചു കഴിഞ്ഞിരുന്നു.... അവൾക്കിനിയുമെന്തെല്ലാംപറയാനുണ്ടായിരുന്നു.... ഒന്നു മുമ്പേ അറിഞ്ഞിരുന്നുവെങ്കിൽ എന്റെ കൊച്ചു പെങ്ങളെ... അവൻ അപരാധബോധത്തോടെ തേങ്ങി. വിജനമായ ആ വരാന്തയിൽ അവനു കൂട്ടായ് ആ പുഞ്ചിരി തെളിഞ്ഞ സാക്ഷിയുടെ ചിത്രമായിരുന്നു. എങ്ങോട്ടാണു താൻ ഓടേണ്ടത്..... ഒന്നു കാണാൻ അവസാനമായ്.... ഒന്നു പറയാൻ . ഓർമകൾ ഇത്രയുമായപ്പോൾ അനുഭവങ്ങൾ അവനെ കാർന്നു തിന്നിരുന്നു. അവളുടെ വാക്കുകൾ ഒന്നു കേൾക്കാൻ താനിനി എങ്ങു പോവും....? ആ സാന്നിദ്ധ്യം ഇന്നും തന്റെ കൂടെ നിഴലായ് ഉണ്ട്. അവളുടെ ശ്രദ്ധ തന്നിൽ കേന്ദ്രീകരിക്കപ്പെട്ട ആ ഒക്ടോബർ 21-ലെ ആ താളുകൾ അവന്റെ വിരലാൽ തഴുകപ്പെട്ടു. കാറ്റ് ഒരാത്മാവു പോലെ തന്നെ വന്നു തഴുകുന്നുണ്ടായിരുന്നു. മുഴുമിപ്പിക്കാൻ ശ്രമിച്ച ആ കുറിപ്പ് ഇനിയും അപൂർണതയുടെ തിരിവെട്ടം തെളിച്ച് മങ്ങിക്കത്തുന്നു. ഡയറിക്കുറിപ്പുകൾ തന്നെ ഏൽപ്പിച്ച അവളുടെ കൂട്ടുകാരി.. "സജൽ .. സാക്ഷിയുടെ ".. എന്നു പറഞ്ഞു തുടങ്ങുംമുമ്പേ പിടിച്ചു വലിക്കപ്പെട്ടിരുന്നു. എന്തായിരുന്നു അവളവിടെ പറയാൻ തുനിഞ്ഞത്.... ആ വാക്കുകൾ മുഴുമിപ്പിക്കാതെ വിദ്യാർത്ഥികൾക്കിടയിൽ ആ പെൺകുട്ടിയും എങ്ങോ മറഞ്ഞിരുന്നു. 'ഒന്നും അപൂർണതയിലെത്തിക്കാതെ, ഈ ജീവിതം ഇന്നും തുടരുന്നുണ്ടോ....' ഒരാത്മാവിനെപ്പോലെ സജൽ ചുറ്റും നോക്കി.



ഉപന്യാസം

ആദില റൂബി
10 D

## മനുഷ്യനും പ്രകൃതി ദുരന്തങ്ങളും

ഏതൊരു മനുഷ്യനും രണ്ടമ്മമാരുണ്ട് എന്നാണ് നൂറ്റാണ്ടുകളായി മനുഷ്യൻ വിശ്വസിക്കുന്ന യഥാർത്ഥ തത്വം.ഒന്ന് , തന്നെ പ്രസവിച്ച് മുലയൂട്ടി വളർത്തിയ അമ്മയും , രണ്ട്, ഭൂമിയാകുന്ന പ്രകൃതിയാകുന്ന അമ്മയും ഇങ്ങനെ വിശ്വസിക്കുന്നതിന്റെ അർത്ഥം സ്വന്തം അമ്മയെപ്പോലെ പ്രകൃതിയെയും ദൈവത്തെപ്പോലെ കാണണം എന്നതാണ് നമ്മുടെ പൂർവികർ പ്രകൃതിയെ അമ്മയായി തന്നെയാണ് കരുതിയിരുന്നത്. അതിനാൽ തന്നെ കാലാവസ്ഥാ മാറ്റങ്ങൾക്ക് വിധേയമല്ലാതെ ഒരു പ്രകൃതിദുരന്തവും മനുഷ്യനെ അലട്ടിയിരുന്നില്ല . എന്നാൽ ഇപ്പോൾ, കൺമുമ്പിലും വിദൂരങ്ങളിലും എത്ര അവശ്വസനീയമായ ദുരന്തങ്ങളാണുണ്ടാവുന്നത് .

മനുഷ്യന് പ്രകൃതിയോടുള്ള സ്നേഹത്തിന്റെ ആഴം ഇന്ന് പ്രകൃതിയിൽ ഓരോ ദ്വാരങ്ങളായി മാറുകയാണ്. മനുഷ്യന്റെ സ്നേഹത്തോടെയുള്ള തലോടലുകളാൽ ഓരോ കുന്നുകളും വയൽപ്രദേശങ്ങളും നിരപ്പായികൊണ്ടിരിക്കുന്നു. സമൂഹത്തിന്റെ സ്നോഹ ചുംബനങ്ങൾ പ്രകൃതിയിൽ വേസ്റ്റ് ചാക്കുകളായും പ്ലാസ്റ്റിക് കൂമ്പാരങ്ങായും പൊന്തി കിടക്കുന്നു. പടുകൂറ്റൻ വൃക്ഷങ്ങൾക്ക് പകരം ആകാശചുംബിതമായ ബിൽഡിംഗുകൾ, കാടുകൾക്കും മലയോര പ്രദേശങ്ങൾക്കും പകരമായി മരുഭൂമികൾ . മനുഷ്യന്റെ മാറ്റങ്ങൾക്കനുസരിച്ച് പ്രകൃതിയും മാറിക്കൊണ്ടിരിക്കുന്നു . പ്രകൃതിയിൽ, ദുരന്തങ്ങളുണ്ടാവുന്നു . പ്രകൃതി നശിക്കുന്നു കൂടെ മനുഷ്യനും.

കാളിദാസ കൃതിയായ അഭിജ്ഞാന ശകുന്തളത്തിൽ തീവ്രമായ പ്രകൃതി സ്നേഹം നമുക്ക് ദർശിക്കാനാകും കേന്ദ്രകഥാപാത്രമായ ശകുന്തള തന്റെ സുഹൃത്തുക്കളായ വൃക്ഷലതാദികൾക്ക് വെള്ളമൊഴിക്കാതെ ഭക്ഷണം കഴിക്കുകയില്ലായിരുന്നു . പ്രകൃതിയോടുള്ള ആത്മാർത്ഥമായ സ്നേഹം നമുക്ക് എന്നേ നഷ്ടമായിരിക്കുന്നു. ഒരു പക്ഷേ നമ്മളിൽ ചിലരെങ്കിലും ശകുന്തളയെ പ്പോലെ പ്രകൃതിയെ സ്നേഹിക്കുന്നുണ്ടാവണം അതിനാൽ ഇന്ന് ലോകം നശിക്കാൻ തക്കതായ പ്രകൃതി ദുരന്തങ്ങളൊന്നും നമ്മെ അലട്ടുന്നില്ല .

പ്രകൃതിയെ നശിപ്പിക്കുമ്പോൾ ഒരിക്കലും നാം ചിന്തിക്കാത്ത പ്രതിശിക്ഷയാണ് പ്രകൃതി ദുരന്തങ്ങൾ , കൊടുങ്കാറ്റായും ചുഴലിക്കാറ്റുകളായും ,

ഉരുൾപൊട്ടലുകളായും,അഗ്നിപർവ്വത സ്ഫോടനമായും ഭീകരമായ സുനാമിയായുമൊക്കെ,നമ്മെ നശിപ്പിക്കുക എന്നത് പ്രകൃതിയുടെ ആഗ്രഹമല്ല. നാം പ്രകൃതിയെ ശിക്ഷിക്കുമ്പോൾ നശിപ്പിക്കുമ്പോൾ അറിയാതെ പ്രതികരിച്ച് പോകുന്നതാണ്.

മാനവരാശിക്ക് ഇനിയും ഭീകരമായ ദുരന്തങ്ങൾ അനുഭവിക്കാനുണ്ട്. കാരണം ശാസ്ത്രീയ വളർച്ചക്കും ഫാക്ടറികളുടെ വളർച്ചക്കുമൊക്കെ നാം പ്രകൃതിയെ വല്ലാതെ ഉപദ്രവിച്ചുകൊണ്ടിരിക്കുകയാണ്.നാം വളർന്നുകൊണ്ടിരിക്കെ പ്രകൃതി ചെറുതായി കൊണ്ടിരിക്കുകയാണ്.പ്രകൃതി ദുരന്തങ്ങൾ വളർന്നുകൊണ്ടിരിക്കുകയും.

പ്രകൃതിയോടുള്ള സ്നേഹത്തിലൂടെ നമുക്ക് പ്രകൃതി ദുരന്തങ്ങളിൽ നിന്ന് ഒരു പരിധി വരെ രക്ഷ നേടാം. ഒരു മരം വെട്ടുമ്പോൾ പത്ത് മരം നടുക.എന്ന ആശയംമനസ്സിൽ സൂക്ഷിക്കുക.പ്രകൃതിയെ ആത്മാർത്ഥമായി സ്നേഹിക്കുക. പ്രകൃതി ദുരന്തങ്ങളിൽ നിന്നും രക്ഷനേടാൻ പ്രകൃതിയെ നശിപ്പിക്കാതിരിക്കുക, പ്രകൃതി ദുരന്തങ്ങൾ മനുഷ്യരെ സാമ്പത്തിക പരമായും ആരോഗ്യപരമായും ദ്രോഹിക്കുന്നു, എന്നത് നമുക്ക് ഭയമുണർത്തുന്ന കാര്യമാണ്. നാം പ്രകൃതിയെ സ്നേഹിക്കുന്നതിലൂടെ സാമ്പത്തികാരോഗ്യപരമായ ദ്രോഹങ്ങളിൽ നിന്നും രക്ഷനേടാം. ഇന്നുമുതൽ ഞാൻ പ്രകൃതിയെ നശിപ്പിക്കില്ല എന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.



Poem

Fathima Sana P. K
10 C

# My Wish to Live in Village

When l am going to my Grandpa's home
He was in the field,with Grandma
They were planting some
Coconut tree's
l was very happy to see
The field with coconut trees
But don't low me she say that is dirty
she Love's me, she like me
But she don't know,what l like
I think about the time I spend in the village
what a happy time it was a lot fun
How beautiful the place was
But Now l am not low to go there
when l was grown up to man
l will be with my
Grandpa and Grandma in the village
and in the field
Now my mind was with them
But day letter  my baby too
will be with them
l am also happy when l was there
But How l wish l were there!
My parent's were not ready to live in the village
Then How l wish l were there!
I can't go to there without my parent's
Oh, God! Please help me to realise my wish
Oh, God! Help to realise my dream

കഥ



ആദില റൂബി
10 D

## കടലിന്റെ അഗാധതയിലേക്ക്

ഇരമ്പിവരുന്ന കടലലകൾ എന്തോ അത്യാഹിതം ദർശിച്ചെന്ന പോലെ ഗർജിച്ചു. കാറ്റിന്റെ ഗന്ധം കടലിന്റെ അഗാധതയിലേക്ക് ലയിച്ച് ചേർന്നു.സൂര്യൻ,തനിക്കു കീഴെ നടക്കുന്ന പ്രണയ സാക്ഷാത്കാരങ്ങളെയും നിരാശ പ്രണയങ്ങളെയും പ്രകാശത്താൽ മറച്ചു കളഞ്ഞു. മണൽ തിട്ടയിൽ നീണ്ടുനിവർന്നു കിടക്കുന്ന ആ യുവാവിന്റെ ദൃഷ്ടിയിൽ ഈ അദൃശ്യ സംഭവങ്ങളെല്ലാം തെളിയുന്നത് ഏതോ പെണ്ണിന്റെ പൊട്ടിച്ചിരിയിൽ നിന്നല്ലേ......? ആരോ സംശയിച്ചു . ആകാശത്തിലെ പ്രണയ ദൂതന്മാരാകാം....

അവന്റെ കണ്ണുകൾ അശാന്തതയുടെ നോവുകൾ മന്ത്രിച്ചു.തന്റെ വികാരവിചാരങ്ങളുടെ അർത്ഥം വെള്ളച്ചാട്ടങ്ങൾപോലെ കുത്തിയൊലിച്ചു... സൂര്യൻ കടലിന്റെ അഗാധതയിലേക്ക്...ഹേ..സൂര്യാ...ഞാനും വരട്ടെ...നിന്റെ കൂടെ.... നീ കടലിന്റെ അഗാധതയിലേക്ക് താഴുമ്പോൾ ഞാനും നിന്നോടൊപ്പം ആ ആഴിയിലേക്ക്.. നീ തിരികെ വരുമ്പോൾ വീണ്ടും ഈ അശാന്തിയാകുന്ന ലോകത്തിന്റെ മുകൾ തട്ടിലേക്ക് ... അവൻ ഉറക്കെ ഉറക്കെ പറഞ്ഞു.കടലിൽ ലയിച്ചതല്ലാതെ ആരും കേട്ടില്ല.അവളുണ്ടായിരുന്നെങ്കിൽ ... അവൾ തന്റെ ഏതു വാക്കുകൾക്കും അക്ഷരങ്ങൾക്കും ഏതു ഭാവത്തിനും എന്തിന് ഒരു ചലനത്തിനുപോലും ചിരിക്കുമായിരുന്നു. അവളുടെ ചിരിയായിരുന്നു.അവനെ ജീവിക്കാൻ പ്രേരിപ്പിച്ചത്...പലരും അവളെ മൗനിയെന്നും ദേഷ്യക്കാരിയെന്നു വിളിക്കുന്നത് കേട്ടിട്ടുണ്ട് പക്ഷെ അവൾ...അവളങ്ങനെ ആയിരുന്നില്ല ഒരു പക്ഷെ തന്റെ മുന്നിൽ മാത്രം അവളൊരു ചിരിയുടെ മുഖം മൂടി അണിഞ്ഞിരുന്നോ അറിഞ്ഞുകൂട ....

കിഷൻ.... ഹേ ബയ്യാ...ഏക് ചീട്ടി മിലായാ.....ഹേ.... ആരുടെയോ വാക്കുകൾ...സാഹിയുടെ,കുപ്പിവളകൾ പൊട്ടിച്ചിതറുന്ന പോലുള്ള ചിരി പോലെയാണ് അവന്

ആദ്യം തോന്നിയത്.. "പക്ഷേ"അവൻ ഞെട്ടിത്തിരിഞ്ഞുനോക്കി.എന്ത്...ഹേ...ബയ്യാ. ചിട്ടി മിലീ .. എനക്ക് കിട്ടീ ഞാൻ ...ദീദിയുടെ റൂം ക്ളീൻ ചെയ്യുമ്പോ കിട്ടീ...മ്...ദാ..പിടി..ബാല്യ.വളരെ സന്തോഷത്തോടെയാണ് പറഞ്ഞത്.അവൻ പെട്ടെന്ന് ആ കത്ത് വാങ്ങിച്ചു.പക്ഷെ അത് പൊട്ടിക്കാൻ അവന് കഴിഞ്ഞില്ല.അവൾ ... സാഹി..എന്തായിരിക്കും

എഴുതിയിട്ടുണ്ടാവുക തന്റെ പിതാജിയെ പറ്റി... വേണ്ട... തുറക്കണ്ട... എന്തിനാ തുറക്കുന്നത് അവളുടെ ചിരിക്കുന്ന മുഖം മാത്രമേ ഇപ്പോഴും മനസ്സിലുള്ളൂ... ദേഹത്ത് നിന്ന് ചോര ഇറ്റി വീഴുന്ന ചിത്രം ഇപ്പോഴും മനസ്സിൽ പോലും തെളിയുന്നില്ല.ഈ കത്ത് നിറയെ അവളുടെ ചോരപ്പാടുകളായിരിക്കും..വേണ്ട.. ഹേ കിഷൻ ബായ് ക്യാ ബാത് ഹേ എന്തേ ചിട്ടിപൊട്ടിക്കുന്നില്ലേ ...ബാല്യ വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരുന്നു.ഏതോ സ്വപ്നഭ്രമിയിൽ എന്തോ ചില വാക്കുകൾ അലതല്ലി പോകുന്ന പോലെ തോന്നി.

അവൾ ... സാഹി...അവൾ തന്നെ ഇതുവരെ കണ്ടിട്ടില്ല.തന്നെ മാത്രമോ ആരെയും ഈ നഗരത്തെയോ കടലിനെയോ സന്ധ്യയേയോ ആരെയും കണ്ടിട്ടില്ല.എന്നാൽ തന്റെ പിതാജിയെ കണ്ടിട്ടുണ്ടാവും.... കണ്ണിൽ അന്ധത തളം കെട്ടിയവന് സ്വന്തം ശരീരത്തിലെ രക്തം ചൂഴ്ന്നെടുക്കുന്നവനെ കാണാമെന്നാണ് തന്റെ മതത്തിന്റെ വിശ്വാസം.

തന്റെ പിതാജിക്ക് അവളെ വളരെ ഇഷ്ടമായിരുന്നു.അദ്ദേഹം പറയും...സാഹി നീ എന്റെ മകളാണ് നിന്നെ എന്റെ ഭാര്യ സുകുമാരി പ്രസവിച്ചപോലെ ...അവളെ പോലെ നീയും അന്ധയാണ്.ഇതു പറയുമ്പോൾ സാഹിക്ക് സങ്കടം വരുന്നോ എന്ന് കിഷന് സംശയിച്ചിട്ടുണ്ട്...ഇല്ല...അവൾ എപ്പോഴും പുഞ്ചിരിച്ചുകൊണ്ടിരുന്നു.പിതാജിയുടെ കയ്യിൽസുകുമാരി എന്ന മുദ്രയിലേക്ക്.

സാഹീ നീയൊരു ദേഷ്യക്കാരിയായ പെൺകുട്ടിയാണ്...നീ മൗനിയാണ്...ആരൊക്കെയോ അവളെ വിളിച്ചു...കണ്ണുകാണാത്ത പെൺകുട്ടി...അതും എപ്പോഴും പുന്ചിരിച്ചു കൊണ്ടിരിക്കുന്ന ഒരുവൾ...താനങ്ങനെയാണ് അവളെ കണ്ടിരുന്നത്. പിന്നെയുമെന്തിന് അവർ സഹിയെ അങ്ങനെ വിളിച്ചു.അവൾ എന്തോ പറയാൻ വെമ്പിനിൽക്കും പെട്ടെന്ന് മൗനിയാകും.ഒരുപക്ഷെ താൻ വരുമ്പോൾ മാത്രമാണോ അവൾ ചിരിക്കുന്നത്.ഒരിക്കൽ പിതാജി അവളുടെ മുമ്പിൽ വെച്ച് എന്നോട് പറഞ്ഞു.കിഷൻ സാഹി മൗനിയാണ്.അവളുടെ മുഖം എപ്പോഴും ദേശ്യം കൊണ്ട് വിറച്ചിരിക്കും...അന്ന് അദ്ദേഹം പറഞ്ഞതിന്റെയും .സാഹിയോട് അദ്ദേഹത്തിന്റെ മനോഭാവത്തെയുമെല്ലാം ഇപ്പോഴാണ് കിഷൻ മനസ്സിലാക്കുന്നത്.ഇതൊക്കെ പറയുമ്പോഴും സുകുമാരി എന്ന മുദ്രയിലേക്ക് അയാൾ നോക്കുമായിരുന്നു.

അന്നൊരു ഇരുണ്ട ദിവസമായിരുന്നു .സാഹിയും താനും കടലിന്റെ മടിയിൽ ഇരിക്കുന്നു.ഒന്നും മിണ്ടുന്നില്ല.അവൾ പുന്ചിരിക്കുന്നു എന്നല്ലാതെ...പെട്ടെന്ന് കിഷൻ ഇങ്ങുവരൂ അമ്മാവനാണ്.അയാൾ മനപ്പൂർവ്വം സാഹിയിൽ നിന്ന് തന്നെ അകറ്റുമായിരുന്നു എന്ന് അപ്പോൾ കിഷൻ അറിഞ്ഞില്ല.സാഹീ നീ വാ... പോകാം.

കിഷൻ പട്ടണത്തിലേക്കാണ്. സാഹിയുടെ അടുത്തേക്ക് മിന്നാദീദിയെ പറഞ്ഞു വിടാം.നീ വരൂ മ് ...സാഹി ഞാൻ പോയിട്ടുവരാം.മിന്നാദീദി വരും ഓകെ... കിഷൻ ബയ്യാ...അവൾ കിഷന്റെ കയ്യിൽ പിടിച്ചു .ഞാനും വരുന്നു കിഷൻ വരൂ... സാഹിയുടെ കൈകൾ വിടുവിച്ചു കൊണ്ട് കിഷൻ മുന്നോട്ട് ഓടി.തിരിഞ്ഞു നോക്കിയപ്പോൾ സാഹിയുടെ കവിളുകളിൽ ഒരു തുള്ളി കണ്ണുനീർ ഗതിയറിയാതെ നിൽക്കുന്നത് അവൻ കണ്ടിരുന്നു.പെട്ടെന്ന് ജീപ്പിൽ കയറ്റി പട്ടണത്തിലെത്തിച്ചത് അമ്മാവനാണ് എന്തൊക്കെയോ സാധനങ്ങൾ കൂടെ കർപ്പൂരവും . അഗർബത്തികളും വാങ്ങുന്നതെന്തിനെന്നും അവൻ ശ്രദ്ധിച്ചില്ല. തിരിച്ചു വന്നപ്പോൾ പതിവിലും വിപരീതമായി കടൽ ഗർജിക്കുന്നുണ്ടായിരുന്നു.കാറ്റിന്റെ ഗന്ധത്തിൽ എന്തൊക്കയോ ചില വ്യത്യാസങ്ങളുണ്ടായിരുന്നു.ഗതിവികതികളിൽ ഒന്നു തലയിടാതെ അവൻ വിഭ്രാന്തിയോടെ അകത്തേക്ക് ചെന്നു.

സാഹി എവിടെ..സാഹി സാഹി മനസ്സിൽ ഒരേയൊരു പേര് സാഹി..ബാലു ഓടി വന്നു.. കിഷൻ ബയ്യാ..സാഗർ കെ പാസ് ഏക് ഡെഡ് ബോഡി...സാഹി കാ രൂപ് ദാ ഉസേ...ക്യാ...അവന് പെട്ടെന്ന് ആകാശവും കടലും തലയിൽ വന്നിരിക്കുന്ന പോലെയാണ് തോന്നിയത്. എന്ത്.. അവൻ കടൽത്തീരത്തേക്ക് ഓടി..ജനക്കൂട്ടങ്ങളില്ല.കടൽ കാക്കകൾ മാത്രം ..ശവത്തിന്റെ മണമില്ല ഏതോ ശവം തീനി പരുന്തിന്റെ ഗന്ധം..ഇരമ്പുന്ന കടലിന്റെ ശബ്ദങ്ങളില്ല ഏതോ മൂകത തളം കെട്ടി നിൽക്കുന്നു...പെട്ടെന്ന് അവനൊന്ന് ശ്രദ്ധിച്ചു സഹിയുടെ കാലിൽ ഒരുപാട് ഒരു മുദ്ര.സുകുമാരി എന്നെഴുതിയത്...ഞെട്ടിത്തരിച്ചു നിൽക്കാനല്ലാതെ തനിക്കെന്തിന് കഴിയും. അവൻ ബാലുവിനോട് ചോദിച്ചു സഹിയുടെ മുറിയിൽ എന്തെന്കിലും എഴുതി വെച്ചിട്ടുണ്ടോ എന്ന് നോക്ക് സാഹിയുടെ കവിളിലെ ഗതിയറിയാത്ത കണ്ണുനീർ തുള്ളി തന്നോട് പറയാൻ എന്തോ ആഗ്രഹിച്ചിരുന്നു.അതാണീ കത്തിൽ ഹേയ് ഒരിക്കലും അത് ചോരപ്പാടുകളായിരിക്കില്ല.തിളച്ചു മറിയുന്ന അനീതിയുടെ ഗന്ധം അവന് മണത്തു.ഇപ്പോൾ താൻ മനസ്സിലാക്കുന്നു ഇത് ഒരു നിരാശ പ്രണയമാണ്. തിളച്ചു മറിയുന്ന അനീതിയാണിത്...ഒരു പക്ഷെ തന്റെ അമ്മ സുകുമാരിയും ആ മൂകത നിരത്തിൽ നിന്ന് പിടയുന്നുണ്ടാവണം. ഹൊ വയ്യ അവൻ ഓടി വീട്ടിലേക്ക് ഒന്നും അറിയാത്ത ഭാവം നടിക്കുന്ന പിതാജി അവനോട് പറഞ്ഞു.സഹി അവളൊരു ദേശ്യക്കാരിയായ പെൺകുട്ടിയാണ്.അവളെ എനിക്ക് ഒരുപാട് ഇഷ്ടമാണ്.അവളെ എന്റെ സുകുമാരി പ്രസവിച്ച പോലെ അവളും

അന്ധയാണ്. കിഷൻ ഒന്നും പറയാതെ പിതാജിയുടെ കയ്യിൽ നിന്നും വെട്ടിത്തിളങ്ങുന്ന ആ മോതിരം ഊരിയെടുത്തു. സഹി അവളൊരു അനാഥയല്ലായിരുന്നോ ജി....അവൻ അത് പറയുമ്പോൾ പിതാജിയുടെ മുഖം വിറക്കുന്നുണ്ടായിരുന്നു.

അവൻ വീണ്ടും കടൽത്തീരത്തെത്തി കടലിലേക്ക് ആ മോതിരം വലിച്ചെറിഞ്ഞു. ശേഷം ആ കത്ത് പൊട്ടിച്ചു. തനിക്കുറപ്പായിരുന്നു അവൾ അങ്ങനെയൊരു കത്ത് എഴുതുമെന്ന് അവൾ എപ്പോഴും തന്നോട് ആശയങ്ങൾ പ്രകടിപ്പിച്ചതങ്ങനെയാണ്. അതു കൊണ്ടാണ് ബാലുവിനോട് കിഷൻ എന്തെന്കിലും എഴുതി വെച്ചിട്ടുണ്ടോ എന്നന്വേഷിച്ചത്. .. പക്ഷെ ആ

കത്ത് ശൂന്യമായിരുന്നു.ശൂന്യം ....ഒരു പക്ഷെ അതവളുടെ ചിരിയായിരിക്കാം. ആ ചിരി ആ കത്തിൽ അവൾ ഉൾക്കൊള്ളിച്ചിരിക്കാം. അതിൽ ഒന്നു ചുംബിച്ചിട്ട് ആ കടലാസ് അവൻ കടലിലേക്ക് വലിച്ചെറിഞ്ഞു. കണ്ണീർ കണങ്ങൾ തുളുമ്പുന്ന ആ ചിരി കടലിൽ ലയിച്ചു ചേർന്നു.ഇപ്പോഴും ആ അലകൾ ആ ചിരിയാണ്.ആ ചിരി കടലിന്റെ അഗാധതയിലേക്ക് താഴുന്നത് അവൻ അറിഞ്ഞു.

poem



RiyaFathima
IX C

# How I wish I were There !

How I Wish I were There in a dream !
My dream is full with the memories of past
how beautiful my past is....I
how sadly my present is..
My happiest moments
oh! I can only see it in my dream
Why I reach in this stage
I don't Know what the reason
Always a person like to sleep..
But I hate it... because when I sleep
My dreams make my eyes crying
then' How I Wish I Were There in a dream
Always a person like to make a dream reality
But my dream is a happiest night
l can't make my dream make tears
The rain my tears flowing Out of my eyes
I look out of my window...
It's raining hard
oh! my eyes are also raining like that
l know that my past didn't came back
But I am waiting for that moments
Oh Lord! Please bring me to that world
my dream world.......

കവിത



അനീഷ റൂബി
10 D

## വാർമതിതൻ മന്ദഹാസമോ നീ...?

രജനിതൻ വാതിലാം സന്ധ്യയിൽ
ചന്ദ്രകിരീടത്താൽ പ്രഭ ചൂരത്തി
അന്ധകാരത്തെ മറക്കും പെൺകൊടിയാരിവൾ ?

നീലം വിരിഞ്ഞൊരീ ആകാശഗംഗ
സന്ധ്യതൻ വാതിൽത്തൽ കയറുന്ന മന്ദം
വാനിൽ വിതാനിച്ച ത്രകപ്പൂക്കളാൽ
വാർമതിതൻ മന്ദഹാസവും കരങ്ങളിലേകി
വെട്ടമാം രൂപത്തിലവളും പതിയെ വിരിഞ്ഞിടുന്നു

സ്നേഹിതയാം തരി മിന്നാമിനുങ്ങുകൾ
ചന്ദ്രനാം മന്ദഹാസത്തിനൊത്ത്
പരിലസിച്ചീടുന്ന വാനിൽ ഈ ഭ്രവിൽ

പതിയെപ്പതിയെ ചെല്ലക്കാറ്റിൻ തേരിൽ
ഒഴുകും പൂന്തേനരുവിയെ നോക്കി

സന്ധ്യതൻ ചില്ലകളിൽ ചേക്കേറും  കുരുവിക
ളൊത്ത് മിനുങ്ങും മിന്നാമിനുങ്ങിനെ നോക്കി
ചന്ദ്രൻ പൊഴുകുന്ന മന്ദഹാസമോ നീ  ?

കരയാൻ വിതുമ്പുന്ന മേഘത്തെ നോക്കി
കരഞ്ഞിടും നേരം നീ എങ്ങു പോകുന്നു ?

മേഘത്തിൻ മറവിൽ മറഞ്ഞിടുമാ നേരം
വാർമതിതൻ മന്ദഹാസമാം
നിന്നെയാരും കണ്ടിടുന്നില്ലല്ലോ

നീയാ രജനിയെ ഒരുക്കുന്ന ഒരു വധുവായ്
അവൾ പുൻചിരിക്കുന്നു നീയാൽ.....

അപ്പോൾ നീയാര് രജനിതൻ കുഞ്ഞു പെൺ കൊടിയോ ?

നിന്നെത്തേടിയലയുന്ന രാവുകൾ
അന്ധകാകത്താൽ നിറഞ്ഞ രാപ്പകലുകൾ
രാവിന്റെ മാറിൽ ഞാനാനേരം കാണുന്നു
പുൻചിരിയാം ചന്ദ്രമഹാന്റെ മുഖം....

അപ്പോൾ നീ ആര് ? ആരീ പെൺ കൊടി ?
വാർമതി ,മണ്ണിൻ കണ്ണുനീരിലൊഴുക്കുന്ന
പുൻചിരിയൊ ? നറു വെട്ടമോ ?

രജനിതൻ കാർകുന്തലാം അന്ധകാരം നിന്നെ
ശത്രുവായ് കാണുന്നുവോ ?
നീ എത്തിടും നേരമവൻ എങ്ങു മാഞ്ഞിടുന്നു

നീ അവനെ തേടി അലയുന്ന പാവം
പെൺ കൊടിയാണോ ?
അവനാൽ ചുറ്റിപ്പിണയാനതിരും നേരമവൻ

നിന്നെ വിട്ടെങ്ങു പോയിടുന്നു...
അപ്പോൾ നീയാര് അന്ധകാരത്തിൻ
ശത്രുവാം നീലനിലാവോ ?



അറബി കവിത

നൗഷാദ് വികെ
അധ്യാപകൻ-അറബിക്

## تِمْثَالٌ يَحْكِي

فَوَا أَسَفَا عَلَى أَخْبَارٍ فِينَا
بِبَلْدَتِنَا نَعِيشُ مَعَ الْأَمَانِي
تَحَوَّلَتِ الْأُمُورُ هُنَا نُشَاهِدُ
يَمِينًا وَشِمَالًا فِي نَوَاحِي
وَصَارَتْ كُلُّ خَيْرٍ مِنْ أُمُورٍ
بِعَاقِبَةِ الشُّرُورِ كُلَّ حِينٍ
مَبَانِيَ ضَخْمَةٌ سَطْحَ الْأَرَاضِي
وَلَكِنْ لَا سَكِينَةَفِيهِ قَطُّ
تُسَمَّى مَسْكَنٌ فِيهَا نَعِيشُ
وَلَكِنْ لَيْسَ فِيهَا قُرَّةُ الْعَيْن
وَحَوْلَ بُيُوتِنَا عُدَدُ الْمَسَاكِينَ
وَفُقَرَاءٌ وَأَرْمَلَةٌ يَتَامَى
وَلَا تَدْرِي حُقُوقَهُمْ جَلِيلًا
وَأَنَّا فِي مَسَاكِنِنَا سَعِيدٌ
وَزَيَّنَّا شَوَارِعَنَا بِشَتَّى
مَسَاجِدَ وَالْكَنَائِسَ وَالْهَيَاكِل
وَنَفْتَخِرُ افْتِخَارًا فِي بِلَادِبَا
بِأَنْوَاعِ التَّمَاثِيلِ الْجُدَدِ
وَلَكِنْ حَوْلَهَا نَجِدُ كَثِيرًا
مِنَ النَّاسِ يَعِيشُ بِلَا حَيَاةٍ
وَنُنفِقُ أَكْثَرَ الْمَالِ إِلَيْهَا
وَلَكِنَّ الطُّفُولَةَ فِي مَماتٍ

عَلَيْنَا أَيُّهَا الْإِخْوَانُ فَوْرًا
نُهُوضًا وَفُعُولًاً ضِدَّ هذِي
مَتَى عَيْنُ الْحُكُومَةِ يَفْتَحُ هُنَا
بَحْسَنِ قَدْرِهِ لِلْخَيْرِ فِينَا
وَنَرْجُومِنْ قُلُوبِ الْخَيْرِ حَقًّا
إِلَى تَخْطِيطِ خَيْرَاتِ الْبِنَاءِ



# അറബിക് കാലിഗ്രാഫി


Fathima Hiba VIII:A
Arabic Caligraphy


Farhana Misiri
VIII-A Arabic



ലഘു കുറിപ്പ്

നിഷിതകുമാരിഎ എൻ
അധ്യാപിക-മലയാളം

# 2018 അവശേഷിപ്പിച്ചത്

ഒരു വർഷവും സുഖത്തിന്റെയും നൊമ്പരത്തിന്റെയും മാത്രമല്ല. സന്തോഷത്തിന്റെയും സന്താപത്തിന്റെയും, സൗഭാഗ്യത്തിന്റെയും, ദൗർഭാഗ്യത്തിന്റെയും വിചിത്രസന്തുലനമാണ്. 2018 തികച്ചും സംഭവബഹുലമായിരുന്നു. ആദ്യപാതിയുടെ അന്ത്യത്തിൽ നിപ്പയായി, ഉരുൾപൊട്ടലായി കോഴിക്കോടൻ മനസ്സ് മുമ്പൊരിക്കലുമില്ലാത്തവിധം നൊന്തു. ഒരു നാടിന്റെ സംസ്ഥാനത്തിന്റെ മുഴുവൻ നഷ്ടമാണ് കരിഞ്ചോലയിൽ ഉണ്ടായത്, 14 ജീവൻ. ഓഗസ്റ്റ് മാസം സംസ്ഥാനത്തെ മുഴുവൻ പ്രളയക്കടലിൽ മുക്കിക്കളഞ്ഞു. മലകൾ മഴയിൽ മദിച്ചൊഴുകി മനുഷ്യക്കരുതിയ്ക്ക് സാക്ഷ്യം വഹിച്ചു.

മനുഷ്യൻ ഒന്നാണെന്നും ഒരുമയാണ് അതിജീവനത്തിന്റെ ശക്തിയെന്നും മറന്ന മലയാളികൾക്കുള്ള ഓർമപ്പെടുത്തൽ പോലെ, തിരിച്ചറിവു നൽകൽപോലെ ഈ ദുരിതങ്ങൾ പരിണമിച്ചു.

ദിവസങ്ങൾ പിന്നിട്ടപ്പോൾ മലയാളി പതിവുശീലം മറന്നില്ല. അവസാന പാതി വിവാദപാതിയായി മാറി. ആരാധനാലയങ്ങൾ, ആചാരങ്ങൾ കോടതികയറി. അതിന്റെ അനുരണനങ്ങൾ പുതുവർഷത്തിലും കനലായിരിക്കുന്നു

ജലക്ഷാമം ജലപ്രളയമാകാൻ നിമിഷം പോലും വേണ്ട എന്ന മഹാസത്യം കാവൽ ബോധമായി നമ്മിൽ നിറയട്ടെ.



ഉറുദു കവിത

നാഫില പി
അധ്യാപിക-ഉറുദു

## طوطا



یہ ہے میرا پیارا طوطا
پھدک پھدک کر چلتاطوطا
سندر ہے لال چونچ کو مار
ہرا ہے کپڑا پہنتے طوطا
جب میں اس کو پکڑنے جاوں
پتوں میں چھپ جایے طوطا
ڈالی کے پتوںمیں چھپ کر
رنگ بہت دکھلاے طوطا
پیڑ پہ بیڈھا چوں چوں کر کے
میرا دل بہلاے طوطا

# THANKS TO ALL